# അറിയിപ്പ്

വിഷയം: ആർ.ഐ.ഇ.വി - റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് ബാംഗ്ലൂർ – ഇംഗ്ലീഷ് അധ്യാപക പരിശീലനം സംബന്ധിച്ച്.

ഹൈസ്കൂൾ വിഭാഗത്തിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്ന അധ്യാപകർക്കായി ബാംഗ്ലൂർ റീജണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്, 06/9/2018 മുതൽ 5/10/18 വരെയുള്ള 30 ദിവസത്തെ പരിശീലനത്തിൽ എല്ലാ സ്കൂളുകളിൽ നിന്നും ഒരു ഇംഗ്ലീഷ് അധ്യാപകനെ നിർബന്ധമായും പങ്കെടുപ്പിക്കേണ്ടതാണ്. സ്കൂളിൽ ഈ പരിശീലന പരിപാടിയിൽ പങ്കെടുത്ത അധ്യാപകരുണ്ടെങ്കിൽ അവരെ ഒഴിവാക്കേണ്ടതാണ്. പ്രസ്തുത സ്കൂളിൽ നിന്നും പങ്കെടുക്കണമെന്ന് നിർബന്ധമില്ല. ബാക്കിയുള്ള സ്കൂളുകളിൽ നിന്നും ഒരു HSA English അധ്യാപകന്റെ/അധ്യാപികയുടെ വിവരങ്ങൾ 01/09/18 3 മണിക്ക് മുൻപായി DEO യിലേക്ക് മെയിൽ ചെയ്യേണ്ടതാണ്. സമയപരിധി കർശനമായി പാലിക്കേണ്ടതാണ്.

അയക്കേണ്ട വിവരങ്ങൾ

NAME OF TEACHER :

DATE OF BIRTH :

DATE OF APPOINMENT :

ജില്ലാവിദ്യാഭ്യാസ ഓഫീസർ,

Scanned by CamScanner

"ഭരണഭാഷ മാതൃഭാഷ"

വളരെ അടിയന്തിരം

പി എൽ2/32056/2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയ്യതി: 21/08/2018
ഫോൺ :0471 2580586
ഇ-മെയിൽ :dpiplanning@gmail.com

പ്രേഷകൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

വിദ്യാഭ്യാസ ഉപഡയറക്ടർ

സർ,

വിഷയം: പൊ.വി.- റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് ബാഗ്ലൂർ - ഇംഗ്ലീഷ് അദ്ധ്യാപക പരിശീലനം -സംബന്ധിച്ച്:-

സൂചന: RIESI ഡയറക്ടറുടെ 13.08.2018 ലെ കത്ത്.

സംസ്ഥാനത്തെ ഹൈസ്കൂൾ വിഭാഗത്തിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്ന അദ്ധ്യാപകർക്കായി ബാഗ്ലൂർ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്, 06/09/2018 മുതൽ 05/10/2018 വരെയുള്ള 30 ദിവസം ദൈർഘ്യമുള്ള അധ്യാപക പരിശീലനം സംഘടിപ്പിക്കുന്നു. താങ്കളുടെ ജില്ലയിൽ നിന്നും ഈ പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ള 50 വയസ്സിന് താഴെയുള്ള അധ്യാപകരുടെ ലിസ്റ്റ് 30/08/2018 നകം ഈ ഓഫീസിലേയക്ക് സമർപ്പിക്കേണ്ടതാണ്.

SC/ST/OBC/Differently abled വിഭാഗത്തിലുള്ള അധ്യാപകരെയും പുതുതായി സർവ്വീസിൽ പ്രവേശിച്ച അധ്യാപകരെയും പരിശീലനത്തിനായി തെരഞ്ഞെടുക്കുന്നതിന് പ്രത്യേക പരിഗണന നൽകേണ്ടതും RIESI സംഘടിപ്പിച്ചിട്ടുള്ള 90/60/30 ദിവസങ്ങൾ ദൈർഘ്യമുള്ള പരിശീലന പരിപാടിയിൽ മുൻപ് പങ്കെടുത്തിട്ടുള്ള അധ്യാപകരെ ഒഴിവാക്കേണ്ടതുമാണ്.

RIESI യുടെ പരിശീലനത്തിനായി ജില്ലകളിൽ നിന്നും ലഭിക്കുന്ന ലിസ്റ്റ് പ്രകാരം അധ്യാപകരെ നിയോഗിച്ചശേഷം പലകാരണങ്ങളാൽ പരിശീലനത്തിൽ പങ്കെടുക്കാത്ത അധ്യാപകരുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യം നിലവിലുണ്ട്. ഈ സാഹചര്യം ഒഴിവാക്കുന്നതിനും സംസ്ഥാനത്തെ അധ്യാപകർക്കു വേണ്ടി സംഘടിപ്പിക്കുന്ന പരിശീലന പരിപാടി കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുമായി താങ്കളുടെ ജില്ലയിൽ നിന്നും ഈ പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ള ഹൈസ്ക്കൂൾ വിഭാഗത്തിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്ന അധ്യാപകരെ കണ്ടെത്തി അവരുടെ വിശദാംശങ്ങൾ സമയബന്ധിതമായി യാതൊരു വീഴ്ചയും കൂടാതെ ഈ ഓഫീസിലേക്ക് ഇ-മെയിൽ മുഖേന (dpiplanning@gmail.com) നൽകേണ്ടതാണെന്ന് അറിയിക്കുന്നു.

ഈ പരിശീലനപരിപാടിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ www.riesielt.org എന്ന വെബ്സൈറ്റിൽ നിന്നോ 080-23218452, 23213243 എന്ന ഫോൺ നമ്പരിലോ ലഭ്യമാകുന്നതാണ്

വിശ്വസ്തതയോടെ,

(ഒപ്പ്/-)

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

Scanned by CamScanner